പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 7575

15.07.2014 ലെ മറുപടിയ്ക്ക്

**" ദേശീയ ഹരിതസേന"**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ. ഇ. പി. ജയരാജൻ** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) ദേശീയ ഹരിതസേന സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ഏത് ഏജൻസി മുഖേനയാണ്; | (എ) കേരളശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുഖേനയാണ് ദേശീയ ഹരിതസേന സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. |
| (ബി) ദേശീയ ഹരിതസേനയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) പരിസ്ഥിതിയെയും പരിസ്ഥിതി സംബന്ധിയായ പ്രശ്നങ്ങളെ ക്കുറിച്ചും കുട്ടികളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ, പരിസ്ഥിതി വിദ്യാഭ്യാസ സാഹചര്യങ്ങൾ സൃഷ്ടിക്കുക, കുട്ടികളെഅവർ ജീവിക്കുന്ന സമൂഹം അഭിമുഖീകരിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളുമായി നേരിട്ട് സമ്പർക്കം പുലർത്തുംവിധം നയിക്കുകയും, അവയെ സംബന്ധിക്കുന്ന കർമ്മ പദ്ധതികളിൽ അവരെകൂടി പങ്കാളികളാക്കുകയും ചെയ്യുക തുടങ്ങിയവയാണ് ദേശീയ ഹരിതസേനയുടെ ലക്ഷ്യങ്ങൾ. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. വിദ്യാലയങ്ങളിൽ പരിസ്ഥിതി സംബന്ധിയായ വിഷയങ്ങളെ സംബന്ധിച്ച് പ്രഭാഷണങ്ങൾ, ചർച്ചകൾ, ശില്പശാലകൾ, സെമിനാറുകൾ തുടങ്ങിയവ നടത്തുക.<br>2. സ്കൂളുകളിലും നാട്ടിലും ഹരിതവത്കരണം, ശുചീകരണ പരിപാടികൾ നടത്തുക<br>3. അടുക്കളത്തോട്ടങ്ങൾ, കമ്പോസ്റ്റ് കുഴികൾ, മഴവെള്ളകൊയ്ത്ത് |

സംവിധാനങ്ങൾ തുടങ്ങിയവ തയ്യാറാക്കൽ.

4. പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര, ട്രക്കിംഗ് എന്നിവ നടത്തുക.
5. പരിസ്ഥിതി ബോധവത്കരണത്തിനായി റാലികൾ, തെരുവുനാടകങ്ങൾ, മാർച്ചുകൾ തുടങ്ങിയവ നടത്തുക. പാരിസ്ഥിതിക പ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കുക.
6. പ്രകൃതി പഠന പ്രോജക്ടുകൾ ചെയ്യുക, പരിസ്ഥിതിസംരക്ഷണത്തിനായുള്ള കർമ്മ പരിപാടികൾ, പരിസ്ഥിതി ബോധവത്കരണ പരിപാടികൾ എന്നിവ ഏറ്റെടുത്തു നടപ്പിലാക്കുക.

(സി) ദേശീയ ഹരിതസേനയിൽ സംസ്ഥാനത്തെ എത്ര വിദ്യാലയങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സർക്കാർ വിദ്യാലയങ്ങളിൽ എത്രയെണ്ണം ഉണ്ടെന്നും വ്യക്തമാക്കുമോ;

(സി)ദേശീയ ഹരിതസേനയിൽ സംസ്ഥാനത്ത് 3500 വിദ്യാലയങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോജില്ലയിൽ നിന്നും 250 വിദ്യാലയങ്ങൾവീതംഇതിൽ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ഭൂരിപക്ഷം വിദ്യാലയങ്ങളും സർക്കാർ/ എയ്ഡഡ്വിദ്യാലയങ്ങളാണ്.

(ഡി) നോഡൽ ഏജൻസിയും വിദ്യാലയങ്ങളുമല്ലാതെ മറ്റേതെങ്കിലും സർക്കാർ ഇതര ഏജൻസികളോ സ്ഥാപനങ്ങളോ പദ്ധതിയുമായി സഹകരിക്കുന്നുണ്ടോ; ഏതെല്ലാം സ്ഥാപനങ്ങൾ;

(ഡി) ഓരോജില്ലയിലും ഓരോ ജില്ലാകോർഡിനേറ്റർമാർ ദേശീയഹരിതസേനയുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നുണ്ട്. ചില ജില്ലകളുടെ കോർഡിനേറ്റർമാർ സന്നദ്ധ സംഘടനകളുടെ പ്രവർത്തകരാണ്.

കോഴിക്കോട് ജില്ലയിലെ ദർശനം സാംസ്കാരികവേദി, കണ്ണൂർ ജില്ലയിലെ സീക്ക, കോട്ടയം ജില്ലയിലെ കേരളഗണിതശാസ്ത്ര പരിഷത്ത്, തൃശൂർ ജില്ലയിലെ കേരളശാസ്ത്ര സാഹിത്യപരിഷത്ത് എന്നിവയാണ് പ്രസ്തുത സന്നദ്ധ സംഘടനകൾ.

(ഇ) പ്രസ്തുത സ്ഥാപനങ്ങൾക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടുണ്ടോ; ഓരോ സ്ഥാപനത്തിനും ഓരോ വർഷവും നൽകിയ ധനസഹായം എത്രയാണ് ?

(ഇ) പ്രസ്തുതസ്ഥാപനങ്ങൾക്ക് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടില്ല

ജോയിന്റ് സെക്രട്ടറി